(സി) കാണാതായവരിൽ മരണമടഞ്ഞത് 148 കൊലചെയ്യപ്പെട്ടത് 18.

(ഡി) കാണാതായവരെ സംബന്ധിച്ച് 10,008 പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഇ) കാണാതായവരിൽ 9110 പേർ തിരിച്ചെത്തിയിട്ടുണ്ട്.

(എഫ്) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 287 പേരെ കാണാതായിട്ടുണ്ട്.

സി. ബി. ഐ. അന്വേഷണ പരിധി വർദ്ധിപ്പിക്കൽ

80. [80] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാളയിലെ ഇരട്ട കൊലപാതകത്തെക്കുറിച്ച് നടക്കുന്ന സി. ബി. ഐ. അന്വേഷണത്തിന്റെ പരിധിയിൽ അങ്ങാടി സുലോചനാ വധം, പെരിങ്ങനം കോവിലകം ഇരട്ട കൊലപാതകം എന്നീ കേസുകൾ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) അങ്ങാടി സുലോചനാ വധവുമായി ബന്ധപ്പെട്ട കേസ് കുന്നംകുളം ഡി. വൈ. എസ്. പി. ഉൾപ്പെട്ട ഒരു പ്രത്യേക അന്വേഷണസംഘവും, പെരിങ്ങനം കോവിലകം ഇരട്ട കൊലപാതകവുമായി ബന്ധപ്പെട്ട കേസ് സി. ബി. സി. ഐ. ഡി., ഡി. വൈ. എസ്. പി.യുടെ നേരിട്ടുള്ള ചുമതലയിലും അന്വേഷിച്ചു വരുന്നതിനാൽ പ്രസ്തുത കേസ്സുകൾ മാളയിലെ ഇരട്ടകൊലപാതകത്തെക്കുറിച്ചു നടക്കുന്ന സി. ബി. ഐ. അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

അധോലോക ആക്രമണങ്ങളിൽ മരണപ്പെട്ടവർ

81. [81] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതു വരെ എത്ര അധോലോക ആക്രമണങ്ങൾ നടന്നിട്ടുണ്ട്, ഇതിൽ എത്ര പേർക്ക് പരിക്കുപറ്റിയെന്നും എത്ര പേർ മരിച്ചുവെന്നും ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ ആക്രമണങ്ങളുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തു;

(സി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അധോലോക ആക്രമണങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി, സി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

അധോലോക സംഘങ്ങളുടെ ആക്രമണം

82. [82] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2001 മുതൽ 2006 ജനുവരി 15വരെ വിവിധ പോലീസ് സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്തിട്ടുള്ള മോഷണം, പിടിച്ചുപറി, പകൽ കവർച്ച, സാമൂഹ്യ വിരുദ്ധന്മാരുടെ സംഘം ചേർന്നുള്ള ആക്രമണം എന്നിവ സംബന്ധിച്ച് എത്ര കേസുകൾവീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ സാമൂഹ്യ വിരുദ്ധന്മാരുടെയും, അധോലോക സംഘങ്ങളുടെയും ആക്രമണത്തിന്റെ ഫലമായി എത്ര പേർ മരണമടഞ്ഞിട്ടുണ്ട്;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഏതെല്ലാം കേസുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യാനുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

വർഗ്ഗീയ സംഘടനകൾ

83. [83] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2006 ജനുവരി 15വരെ സംസ്ഥാനത്ത് എത്ര വർഗ്ഗീയ സംഘടനകൾ നടന്നിട്ടുണ്ട്. എന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇതേ കാലയളവിൽ എത്ര വർഗ്ഗീയ ലഹളകൾ നടന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് പറയുമോ;

(ഡി) വർഗ്ഗീയ സംഘടനം സംബന്ധിച്ച് എത്ര കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്;

(ഇ) ഇതിൽ എത്ര കേസ്സുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly